**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4266** **28-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിലും തീരദേശമേഖലയിലും യുവാക്കൾ ലഹരി ഉപയോഗത്തിൽ എത്തിപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ആദിവാസി മേഖലയിലും തീരദേശ മേഖലയിലും യുവാക്കൾ ലഹരി ഉപയോഗത്തിൽ എത്തിപ്പെടാതിരിക്കുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വൈവിധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നു. യുവതീ യുവാക്കൾക്ക് ലഹരി ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ, സാമ്പത്തിക, സാമൂഹിക, സാംസ്കാരികമായ വിഷയങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ, തെരുവ് നാടകം, ഡോക്യുമെന്ററി പ്രദർശനം, കലാകായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചും, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകൾ ഈ മേഖലകളിൽ വ്യാപകമായി വിതരണം ചെയ്തും വരുന്നു. തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് കായിക ലഹരി പ്രോത്സാഹിപ്പിക്കുന്നതിനായി സ്പോർട്സ് കിറ്റ് വിതരണം, ഫുട്ബോൾ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ "വായന എന്റെ ലഹരി" എന്ന ആശയവുമായി സ്കൂളുകളിൽ പുസ്തക വിതരണം, വിവിധ സെമിനാറുകൾ, ലഹരി വിരുദ്ധ ശിൽപശാല, കലാകായിക മത്സരങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, യുവതീ യുവാക്കൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, ഫ്ലാഷ് മോബ്, ലഹരി വിരുദ്ധ സന്ദേശം നൽകുന്ന മാജിക് ഷോ, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത മേഖലകളിലെ യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടാതെ മറ്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ആദിവാസി-തീരദേശ മേഖലകളിലെ യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ നിരവധി പ്രവർത്തനങ്ങൾ വിമുക്തി മിഷൻ ഏറ്റെടുത്തു നടത്തി വരുന്നു. ഈ മേഖലകളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് പി.എസ്.സി പരിശീലനം, കരിയർ ഗൈഡൻസ് എന്നിവ നൽകുകയും, ഇതിന്റെ ഫലമായി ഇതുവരെ 38 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മുഖാന്തിരം സർക്കാർ ജോലി നേടി |

| | | | |
|---|---|---|---|
| | | | കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നതിനുമായി കൊല്ലം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ആറു ജില്ലകളിൽ ഫിറ്റ്നെസ്സ് സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അതോടൊപ്പം കായിക പരിശീലന കളരികൾ, കായിക മത്സരങ്ങൾ, കലാമേളകൾ, മെഡിക്കൽ പരിശോധന ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഇത് വഴി ആദിവാസി-തീരദേശ മേഖലയിലെ യുവതീ യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, അവരുടെ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ ഉന്നതി നേടിക്കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ